# ഹദീസ്

# ആധിക്യം വിപരീത ഫലം ചെയ്യുന്നു

**പി.എ സൈനുദ്ദീൻ**
sainpanachikkal@gmail.com

عن أبي هريرة رضي الله عنه أن رسول الله صلى الله عليه وسلم قال لَيسَتِ السَّنَةُ بأَنْ لا تُمطَرُوا، ولَكِنِ السَّنَةُ أنْ تُمطَرُوا وتُمْطَرُوا، ولا تُنْبِتُ الأرْضُ شَيْئًا (رواه مسلم)

**അബൂഹുറൈറ(റ)യിൽനിന്ന് നിവേദനം. റസൂൽ കരീം (സ) അരുൾചെയ്തു: 'യഥാർഥത്തിൽ ഉഷ്ണകാലത്ത് നിങ്ങൾക്ക് മഴ വർഷിക്കപ്പെടാതിരിക്കുന്നതല്ല വരൾച്ച, തുടരെത്തുടരെ മഴ വർഷിക്കപ്പെട്ടിട്ടും ഭൂമിയിൽയാതൊന്നും മുളക്കാതിരിക്കുന്നതാണ് യഥാർഥ വരൾച്ച' (മുസ്‌ലിം).**

അല്ലാഹുവിന്റെ പരീക്ഷണങ്ങളിൽ കഠിനമായതാണ് വരൾച്ചയും ജലക്ഷാമവും. ഒരു സമൂഹത്തിന്റെ നിലനിൽപ്പ് ഭീഷണിയിലാകുന്നതിന് പ്രധാന കാരണം ജനം പ്രകൃതിയോട് ചെയ്യുന്ന ക്രൂരതയാണ്. മണ്ണും മരങ്ങളും മലകളും അല്ലാഹു നിശ്ചയിച്ച വ്യവസ്ഥയനുസരിച്ച് നിലനിൽക്കാൻ മനുഷ്യൻ അനുവദിക്കാതാകുമ്പോൾ അപ്രതീക്ഷിതമാംവിധം പ്രകൃതിയിൽനിന്നുതന്നെ തിരിച്ചടി ലഭിക്കുന്നു. ചിലപ്പോളത് കൊടുംവരൾച്ചയുടെ രൂപത്തിൽ, മറ്റു ചിലപ്പോൾ കൊടുങ്കാറ്റും നിലക്കാത്ത പേമാരി കാരണമായുണ്ടാകുന്ന പ്രളയവും ഉരുൾപൊട്ടലും. ''ജനകരങ്ങൾ പ്രവർത്തിച്ചതിൻ ഫലമായി ആകാശഭൂമികളിൽ വിനാശമുളവായിരിക്കുന്നു. അവരുടെ പ്രവർത്തനങ്ങളിൽ ചിലതിന്റെ രുചി അവർ അറിയുന്നതിനു വേണ്ടി. അവർ ദൈവമാർഗത്തിലേക്ക് മടങ്ങിയെങ്കിലോ'' (*അർറൂം* 41). പരിഹാരത്തിനു സാധ്യതയുള്ള ഒരു മാർഗമാണ് പരിശുദ്ധ ഖുർആൻ നിർദേശിക്കുന്നത്; രക്ഷിതാവിലേക്ക് മടങ്ങി ചെയ്ത പാപങ്ങളിൽനിന്നു ആത്മാർഥമായി പശ്ചാത്തപിച്ച് മടങ്ങുക. പരിസ്ഥിതിയോട് ചെയ്ത ക്രൂരതകൾ ഒരിക്കലും ആവർത്തിക്കാത്ത വിധത്തിൽ എത്രയും പെട്ടെന്ന് അവസാനിപ്പിക്കുക. കാലവിപത്തിൽനിന്നും കരുണാമയനായ രക്ഷിതാവിന്റെ അനുഗ്രഹം ആശ്വാസമായി ഇറങ്ങുന്നതാണ്. ഇതിലൂടെ പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട ഖുർആനികാഹ്വാനങ്ങൾ എത്രത്തോളം അർഥവത്താണ് എന്ന് ബോധ്യപ്പെടുകയും ചെയ്യുന്നു.

അല്ലാഹുവിന്റെ പരീക്ഷണം വ്യത്യസ്ത തലങ്ങളിൽ സംഭവിക്കുന്നത് അനുഭവിക്കാൻ വിധിക്കപ്പെട്ടവരാണ് നാം. ഉഷ്ണകാലത്തുണ്ടാകുന്ന വരൾച്ച മനുഷ്യർക്ക് മാത്രമല്ല മറ്റ് ജീവജാലങ്ങൾക്കു കൂടി ദുരിതമാണ് വിതക്കുന്നത്. പരീക്ഷണങ്ങളിൽ അല്ലാഹുവിൽനിന്നുള്ള ആശ്വാസം കാത്തിരിക്കുന്നവരെ നിരാശപ്പെടുത്തിക്കൊണ്ട് നിലക്കാത്ത മഴ വർഷിക്കുന്നത് അപ്രതീക്ഷിതമായ കെടുതിയായി പരിണമിച്ചാലോ! കിളിർത്തു തുടങ്ങിയ പുൽനാമ്പുകൾ പോലും ദിവസങ്ങളോളം നിലക്കാതെ നിന്നുപെയ്യുന്ന പെരുമഴയാൽ ജീർണിച്ചുപോകുന്നു, വിളകളെല്ലാം വളർന്ന് പാകമാകും മുമ്പേ ആർക്കും ഉപകരിക്കാത്തവിധം നശിച്ചുപോകുന്ന വരൾച്ചയുടെ മറ്റൊരു രൂപം. സർവശക്തൻ നൽകിയ ഔദാര്യം അനുഭവിക്കാൻ യോഗ്യരല്ലാതാകുമ്പോഴാണ് 'ബറകത്തി'ന്റെ ദൗർലഭ്യമുണ്ടാകുന്നതും, എല്ലാ സൗഭാഗ്യങ്ങളും ദൗർഭാഗ്യങ്ങളായി ഇരുട്ടടി കണക്കെ വന്നുഭവിക്കുന്നതും.

അവ്യക്തതകൾക്ക് ഒട്ടും ഇടമില്ലാത്ത ഈ നബിവചനത്തിലൂടെ അനവധി സന്ദേശങ്ങൾ നമുക്ക് വായിച്ചെടുക്കാൻ സാധിക്കുന്നുണ്ട്. റസൂൽ (സ) നുബുവ്വത്തിനു മുമ്പ് നാൽപ്പതു വർഷം സാധാരണക്കാരനായ അറബി യുവാവായി ജീവിച്ചു, ദിവ്യബോധനം ലഭിച്ചു തുടങ്ങി അതവസാനിക്കുന്നതുവരെയുള്ള 23 വർഷക്കാലം കൊണ്ട് ഖിയാമത്ത്നാൾ വരെ വ്യത്യസ്ത കാലഘട്ടങ്ങളിലുള്ള വിവിധ ജനസമൂഹങ്ങൾക്ക് മാതൃകയാംവിധം ഒരു പുരുഷായുസ്സുകൊണ്ട് ചെയ്യാവുന്ന കർമങ്ങളുടെ എത്രയോ ഇരട്ടി കാര്യങ്ങൾ വ്യക്തിജീവിതത്തിലും കുടുംബരംഗത്തും, സാമൂഹിക-രാഷ്ട്രീയ ഇടപെടലുകളിലൂടെയും മാതൃകാപരമായ ജീവിതത്തിലൂടെ സമൂഹത്തിന് സമർപ്പിച്ചു. ആയുരാരോഗ്യത്തോടെ നൂറ്റാണ്ടോളം ജീവിച്ചിട്ടും ദീനിനും സമൂഹത്തിനും കാര്യമായ സംഭാവനകളൊന്നും സമർപ്പിക്കാൻ അധികമാർക്കും കഴിയാറില്ല. ചുരുങ്ങിയ കാലം കൊണ്ട് സമൂഹത്തിന്റെ, സമുദായത്തിന്റെ ശോഭനമായ ഭാവിയെക്കരുതി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വളർന്നുവികസിച്ച് പ്രയോജനം സിദ്ധിച്ച എത്രയെത്ര സംരംഭങ്ങളുണ്ട് ഇസ്‌ലാമിക ലോകത്ത്! ആവശ്യത്തിലധികം സമ്പത്ത് കൊണ്ട് അനുഗ്രഹിക്കപ്പെട്ടവർ അത് സ്വദഖ-സകാത്ത് തുടങ്ങിയ സാമൂഹിക സേവന നിർവഹണ മാർഗത്തിലേക്ക് തിരിച്ചുവിടാതെ വരുംതലമുറകൾക്കുവേണ്ടി (അവരതിനു യഥാർഥത്തിൽ അർഹരാണോ എന്ന് അല്ലാഹുവിനു മാത്രമേ അറിയൂ) കാത്തുസൂക്ഷിക്കുന്ന പ്രവണത വരൾച്ചയിൽ ആശ്വാസമായി പെയ്യേണ്ട മഴ പെരുമഴയായി രൂപം പ്രാപിച്ച് കൈയും കണക്കുമില്ലാത്ത കഷ്ടനഷ്ടങ്ങൾക്ക് ഇടയായിത്തീരുന്നതുപോലെയാണ്. കിട്ടുന്നതുകൊണ്ട് കഷ്ടിച്ചു ജീവിച്ച് അല്ലലും അലട്ടും നേരിടുന്നതോടുകൂടെത്തന്നെ ഇതരരുടെ ആവശ്യങ്ങൾക്ക് പരിഗണന നൽകുന്ന വലിയൊരു വിഭാഗം സമൂഹത്തിന്റെ ഭാഗമായുണ്ട്. ''സ്വയം ദുരിതാവസ്ഥയിലായിരിക്കുമ്പോഴും മറ്റുള്ളവരുടെ കാര്യത്തിൽ അവർ കൂടുതൽ പരിഗണന നൽകുന്നു'' (*അൽഹശ്ർ* 9). യുക്തിയുപയോഗിച്ച് അവധാനതയോടെ നിർവഹിക്കപ്പെടേണ്ടതാണ് ഇസ്‌ലാമിക പ്രവർത്തനം. എത്രസമയം ചെലവഴിക്കുന്നു എന്നതിലല്ല പ്രസക്തി. കുറച്ചു മാത്രമാണെങ്കിലും അടുക്കും ചിട്ടയോടെയും പ്രവർത്തിക്കുമ്പോൾ അത് സമൂഹത്തിൽ എത്രകണ്ട് സ്പർശിക്കുന്നുവെന്നതിനെ ആശ്രയിച്ചാണ് വിലയിരുത്തലുകൾ നടത്തേണ്ടത്. ഏവർക്കും മാതൃകയാകാവുന്ന ജീവിതത്തിലൂടെ, പരിമിതമായ സമയം കൊണ്ട് പക്വവും ആകർഷണീയവുമായ നടപടിക്രമങ്ങൾ ആഴത്തിൽ പ്രതിഫലനങ്ങളുണ്ടാക്കുന്നു. വിദ്യാഭ്യാസരംഗത്ത് എണ്ണമറ്റ യോഗ്യതകൾക്കുടമകളായ പ്രഗത്ഭമതികളെന്ന് വിലയിരുത്തപ്പെടുന്ന വിജ്ഞന്മാർ വൈജ്ഞാനിക ലോകത്തിന് കാര്യമായൊന്നും നൽകാത്തപ്പോൾ, ആവശ്യത്തിന് മാത്രം വിദ്യാഭ്യാസം നേടിയവർ, അല്ലെങ്കിൽ അനൗപചാരിക വിദ്യാഭ്യാസം മാത്രമുള്ളവർ വിജ്ഞാന പ്രസാരണ മാർഗത്തിൽ കഴിയുന്നത്ര സംഭാവനകളർപ്പിക്കുന്നത് നമ്മെ അതിശയിപ്പിക്കുന്നു. പെരുപ്പമോ ആധിക്യമോ മാനദണ്ഡമാക്കി കാര്യങ്ങൾ വിലയിരുത്തപ്പെടുമ്പോൾ തുടർച്ചയായി പെയ്യുന്ന തോരാമഴ ഭൂമിക്കോ ജീവജാലങ്ങൾക്കോ ഒരു ഗുണവും ചെയ്യാത്തതുപോലെ ഏറെയുണ്ടായിട്ടും, ഒരുപാട് നേടിയിട്ടും ചില ജന്മങ്ങൾ നിർഗുണന്മാരായി അധഃപതിച്ച് ജീവിച്ചു തീർക്കുന്നു.

ഈ ഹദീസ് നമ്മുടെ ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളുമായി ബന്ധപ്പെടുത്തി വിലയിരുത്തപ്പെടുന്നതിന് പ്രേരിപ്പിക്കുന്ന തരത്തിലുള്ള ഉദ്ബോധനങ്ങൾ കൂടി അടങ്ങിയതാണെന്നു മനസ്സിലാക്കാം. ●